# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകച്ചല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം പി5/528/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകച്ചല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ ടി എം പി5/528/2021 തീയ്യതി: 31/03/2021

## കോട്ടയം ജില്ലയിലെ കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-05-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ | 22-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സി ആർ ബീനാകുമാരി , ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിത എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ദർശന വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
സുനിൽകുമാർ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബി ബിജുകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| അനിത എം തോമസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീബാമോൾ കെ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ചാന്ദിനി പി ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| രശ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ദീപ്തി വി | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ അഞ്ജലി വി | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ ശ്രീജ ജി എസ് | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ ജയശ്രീ കെ എൻ | മെഡിക്കൽഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ ഡി ദീപു | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഷാമില പി എച്ച് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഷൈല ഇ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ദിലീപ് കുമാർ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ലിബീഷ് മാത്യു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C R Beenakumary (Audit Officer (HG), On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Rajesh M (Asst. Audit Officer, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sunitha M S (Senior Grade Auditor, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-5 |
| 6 | ഗ്രാമസഭകൾ<br>Written By: C R Beenakumary (Audit Officer (HG), On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-5-1 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Darsana V (Senior Grade Auditor, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-6 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Sunil Kumar G (Senior Grade Auditor, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Sunitha M S (Senior Grade Auditor, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Darsana V (Senior Grade Auditor, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-9 |
| 11 | രസീതു ബുക്കുകളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല, കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-10 |
| 12 | ഇ-പെയ്മെന്റ് അക്കൗണ്ടിൽ തനത് വരുമാനം നിലനിൽക്കുന്നു - കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-11 |
| 13 | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-12 |
| 14 | തനത് ഫണ്ട് സൂക്ഷിപ്പിന് ഒന്നിലധികം അക്കൗണ്ടുകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-13 |
| 15 | വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-14 |
| 16 | വസ്തുനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-14-1 |
| 17 | വസ്തുനികുതി നിർണ്ണയം - തറവിസ്തീർണ്ണം വ്യക്തമല്ല.<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-14-2 |
| 18 | വസ്തുനികുതി നിർണ്ണയം - അപാകത<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-14-3 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |

| | | |
|---|---|---|
| | Written By: Darsana V (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-15-1 |
| 21 | തൊഴിൽ നികുതി ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-15-2 |
| 22 | ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്ക്കരിച്ചില്ല, ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-16 |
| 23 | വാടക പിരിവ് കാര്യക്ഷമമല്ല, ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നു.<br>Written By: Sunil Kumar G (Senior Grade Auditor, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-17 |
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പാഴ് ചെലവ്<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-18 |
| 25 | ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-19 |
| 26 | ഇ- ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-20 |
| 27 | യാത്രപ്പടി ഇനത്തിൽ തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-21 |
| 28 | നിക്ഷേപ പ്രവൃത്തികൾ - അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-22 |
| 29 | തെരുവു വിളക്കുകളുടെ പരിപാലനം<br>Written By: Rajesh M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-23 |
| 30 | ലാപ് ടോപ് വാങ്ങൽ -വിലയിനത്തിൽ തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-24 |
| 31 | ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-25 |
| 32 | ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Darsana V (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-26 |
| 33 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ<br>Written By: Rajesh M (Asst. Audit Officer, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-27 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല – റോഡ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-28 |
| 35 | ബാരൽ വില തിരികെ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-29 |
| 36 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമായില്ല<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-30 |
| 37 | പാർട്ട് ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന തനത് ഫണ്ടിതര റിട്ടെൻഷൻ തുകകൾ ക്രമീകരിക്കുന്നതിലെ അപാകത സംബന്ധിച്ച്<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-31 |

| | | |
|---|---|---|
| 38 | ഐ എസ് ഒ സർട്ടിഫിക്കേഷൻ-മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 28-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-32 |
| 39 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് പൂർത്തീകരണം - അപാകതകൾ<br>Written By: Ambily M (Asst. Audit Officer, On 29-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലാപ് ടോപ് വാങ്ങൽ -വിലയിനത്തിൽ തുക അധികം നല്കി<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 3-1 |
| 2 | ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു<br>Written By: Sunitha M S (Senior Grade Auditor, On 27-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റ വിവരം<br>Written By: Rajesh M (Asst. Audit Officer, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 25-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sunitha M S (Senior Grade Auditor, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 26-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

26-2-2019തീയതിയിലെ 1(1)തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 6375243 | 18492274.55 |
| വരവ് | 90961589 | 65329771 |
| ആകെ | 97336832 | 83822045.55 |
| ചെലവ് | 93683104 | 60044660.00 |
| നീക്കിയിരിപ്പ് | 3653728 | 23777385.55 |

- ബജറ്റ് പരിശോധിച്ചതിൽ ശാസ്ത്രീയ അടിത്തറ ഇല്ലാതെ വരവ് ചെലവുകൾ പെരുപ്പിച്ച് കാണിച്ച് ആണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു.
- പ്രതിമാസ/വാർഷിക പുനപരിശോധന നടക്കുന്നില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 12-3-2021 | വാർഷികക് കണക് യഥാസമയം എയിംസ് സോഫ്റ്റ്വെയർ മുഖാന്തിരം ലഭ്യമാക്കിയിരുന്നു |

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- 26.07.2011ലെ ജി.ഒ.(എംഎസ്)152/11/എൽഎസ്ജിഡി യിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
- ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.2020ലെ ജനറൽ ഫണ്ട് കൃത്യമല്ല.
- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം നാളിതുവരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.
- വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
- ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ ഡിമാന്റ്, കുടിശിക എന്നിവയില്ല. യഥാർത്ഥത്തിലുള്ള വരവാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും പ്രതിഫലിക്കേണ്ടത്. എന്നാൽ കുടിശിക ഇനത്തിൽ പിരിച്ച തുകകൂടി ഉൾപ്പെടുത്തിയാണ് ഡിമാന്റ് (I-1ഷെഡ്യൂളിൽ) കണക്കാക്കിയത്.
- ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ അഡ്വാൻസ് ഹെഡിൽ കാണിച്ചിട്ടുള്ളതും വിവിധ സർക്കാർ ഏജൻസികളിൽ 2012-13 സാമ്പത്തികവർഷം മുതൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ചെലവ് തുക മുൻകൂർ ശീർഷകത്തിൽ നിന്നും യഥാർത്ഥത്തിലുള്ള ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.
- തൊഴിലുറപ്പ് പദ്ധതി വരവ് തുകയിൽ മുന്നിരിപ്പ്,പലിശ വരവ് എന്നിവ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

. 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള അധികതുക 201000/-രൂപ വരവിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18492274.55 |
| വരവ് | 65329771 |
| ആകെ | 83822045.55 |
| ചെലവ് | 60044660.00 |
| നീക്കിയിരിപ്പ് | 23777385.55 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29332/- |
| | |

## 1-4 ഗ്രാന്റ് വിനിയോഗം

<table>
<tr><td colspan="2">ഫണ്ടിനം</td><td>മുന്നിരിപ്പ്</td><td>വരവ്</td><td>ആകെ</td><td>ചെലവ്</td><td>നീക്കിയിരിപ്പ്</td></tr>
<tr><td colspan="2">വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)</td><td>00</td><td>10084267</td><td>10084267</td><td>10001365</td><td>82902</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>00</td><td>7907059</td><td>7907059</td><td>7684378</td><td>222681</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td>00</td><td>301000</td><td>301000</td><td>200929</td><td>100071</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td>00</td><td>14063000</td><td>14063000</td><td>9975981</td><td>4087019</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>00</td><td>3251000</td><td>3251000</td><td>1807295</td><td>1443705</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)</td><td>00</td><td>8265037</td><td>8265037</td><td>4560153</td><td>3704884</td></tr>
<tr><td rowspan="2">എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതി വരവ് തുകയിൽ മുന്നിരിപ്പ്, പലിശ വരവ് എന്നിവ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. 100 ദിവസം പൂർത്തിയാക്കുവർക്കുള്ള അധിക തുക 201000 രൂപ വരവിൽ ഉൾപ്പെട്ടിട്ടില്ലയ</td><td>തൊഴിലാളികളുടെ കൂലി</td><td></td><td>8595583.46</td><td>8595583.46</td><td>8595583.46</td><td></td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>4895</td><td>722141.00</td><td>727036.00</td><td>725123.00.00</td><td>1913</td></tr>
<tr><td colspan="2">കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)</td><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="2">സമ്പൂർണ്ണ ശുചിത്വം</td><td>1394909</td><td>0</td><td>1394909</td><td>476755</td><td>918154</td></tr>
<tr><td colspan="2">ഐ സി ഡി എസ്</td><td>781469</td><td>516748</td><td>1298217</td><td>450000</td><td>848217</td></tr>
<tr><td colspan="2">സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)</td><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="2">ലൈഫ് ഭവനപദ്ധതി</td><td>00</td><td>2580000</td><td>2580000</td><td>2540000</td><td>40000</td></tr>
</table>

. പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് ചെലവഴിക്കുന്നതിൽ വലിയ കുറവാണ് തൻവർഷം ഉണ്ടായത്.കുറവ് ചെലവ്ശതമാനം രേഖപ്പെടുത്തിയ ഗ്രാന്റിനങ്ങളുടെവിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമം | ഗ്രാന്റിനം | ചെലവ് ശതമാനം |
|---|---|---|
| 1 | വികസനഫണ്ട് (റ്റി എസ് പി) | 66.75 |
| 2 | മെയിന്റനൻസ്, റോഡ് | 70.93 |
| 3 | മെയിന്റനൻസ്, നോൺ-റോഡ് | 55.59 |

| | | |
|---|---|---|
| 4 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 55.17 |

- വികസനഫണ്ട് പിൻവലിച്ച് നിക്ഷേപ പ്രവൃത്തികൾക്ക് നല്കുമ്പോൾ നിയമാനുസൃതമുള്ള നടപടികൾ പാലിക്കുന്നില്ല(ഖ 1-22 കാണുക)
- കേന്ദ്രധനസഹായങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല. ഉദാഹരണത്തിന് സമ്പൂർണ്ണ ശുചിത്വം,സ്വച്ഛഭാരത് മിഷൻ തുടങ്ങിയ വരവുകൾ സംയോജിപ്പിച്ച് സൂക്ഷിക്കുന്നതിനാൽ കൃത്യമായ ചെലവ് വിവരം ലഭ്യമല്ല.
- സമർപ്പിച്ച ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മേഖല തിരിച്ചുള്ള അലോക്കേഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു.
- സംസ്ഥാന സർക്കാർ ധനസഹായങ്ങൾ യഥാസമയം ചെലവഴിക്കുന്നില്ല.
- സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുകകൾ ചെലവഴിക്കുകയോ നിയമാനുസൃതം തിരിച്ചടക്കുകയോ ചെയ്യാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 09/03/2020 ലെ ഉത്തരവ് നം. 2707/18/ DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 05/10/2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 15.10.2018 |
| വികസനസെമിനാർ | 17.11.2018 |
| ഊരുകൂട്ടം | 23/02/2019 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 76501189 രൂപയും ആകെ ചെലവ് 43402078രൂപയുമാണ്. അംഗീകാരം ലഭിച്ച234 പ്രോജക്ടുകളിൽ 166എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 779000 | 507000 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 3364000 | 1742000 |
| 3 | മെഡിക്കൽ ഓഫീസർ - PHC | 2 | 2 | 503600 | 479054 |
| 4 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 250000 | 250000 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10 | 09 | 19577600 | 11625200 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 4067115 | 3707196 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 43 | 34 | 9159982 | 5111233 |
| 9 | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 3 | 0 | 325000 | 0 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 145 | 90 | 35008730 | 17304278 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1880000 | 1090784 |

| | | | | | |
|---|---|---|---|---|---|
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 1436162 | 1435333 |
| ആകെ | | 234 | 166 | 76501189 | 43402078 |

. 325000/- രൂപ അടങ്കലിൽ 3 പ്രോജക്ടുകൾ നിർവ്വഹണം നടത്തേണ്ടിയിരുന്ന ഹെഡ്മാസ്റ്റർ ഒരു പ്രോജക്ടുപോലും നിർവ്വഹണം നടത്തിയില്ല എന്നത് ഗൗരവമായ പരിശോധന അർഹിക്കുന്ന അപാകതയാണ്.

. 145 പ്രോജക്ടുകളിൽ 90 എണ്ണം മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയത്.

.

## 1-5-1 ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം കൂടേണ്ടതും വികസന പ്രവർത്തന പുരോഗതികൾ അവലോകനം ചെയ്യേണ്ടതുമാണ്. എന്നാൽ വിവിധ വാർഡുകളിലെ ഗ്രാമസഭാമിനട്സുകൾ പരിശോധിച്ചതിൽ 2019-20 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമേ കൂടിയിട്ടുള്ളൂ. നിയമാനുസൃതം ഗ്രാമസഭകൾ കൂടാതിരിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ ലംഘനമാകയാൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-6 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 29 | 29760/- |
| കർഷകതൊഴിലാളി പെൻഷൻ | 202 | 1389600/- |
| വിധവാപെൻഷൻ | 731 | 3785400/- |
| വാർദ്ധക്യകാല പെൻഷൻ | 1805 | 9800100/- |
| വികലാംഗ പെൻഷൻ | 201 | 1189900/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 27 | 144000/- |

## 1-7 തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 149 പ്രോജക്ടുകളിൽ 36 എണ്ണം മാത്രം തൻവർഷം നടപ്പിലാക്കി. 2019-20 വർഷം 25918 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 487 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, നേഴ്സറി നിർമ്മാണം, ഫലവൃക്ഷതൈകൾ വെച്ച്പിടിപ്പിക്കൽ, കക്കൂസ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4895/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 8595583.46 | 9317724.46 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 722141.00 | |
| ആകെ | | | 9322619.46 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 7198286.00 | |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 1397297.46 | |
| | ഉപകരണങ്ങളുടെ വില, വാടക | 524123.00 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | | |

| | | | |
|---|---|---|---|
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 201000 | |
| | | | 9320706.46 |
| നീക്കിയിരിപ്പ് | | | 1913.00 |

തൊഴിലുറപ്പ് പദ്ധതി വരവ് തുകയിൽ മുന്നിരിപ്പ്, പലിശ വരവ് എന്നിവ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. 100 ദിവസം പൂർത്തിയാക്കവർക്കുള്ള അധികതുക 201000 രൂപ വരവിൽ ഉൾപ്പെട്ടിട്ടില്ല

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-3-2021 ,4 പി എം ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 128376/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/ പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല.. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. (ഉദാ- കുടിവെള്ള പദ്ധതികൾ)

## 1-10 രസീതു ബുക്കുകളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല, കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ഔട്ട് ഡോർ കളക്ഷന് പോകുന്ന ജീവനക്കാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകപ്പെടുന്ന പല മാന്വൽ രസീത് ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, രസീത് ബുക്ക് ആർക്ക് നൽകപ്പെട്ടു തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർത്തിട്ടില്ല. കൂടാതെ മാന്വൽ രസീത് ബുക്ക് ഉപയോഗിക്കുന്ന ഏതാനും ഫീൽഡ് സ്റ്റാഫുകൾ, നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ എന്നിവർ തൻവർഷം കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്ക് ഇഷ്യൂ ചെയ്യുമ്പോഴും കളക്ഷൻ തുക സ്വീകരിക്കുമ്പോഴും തുക ഒടുക്കുമ്പോഴും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതും മതിയായ രേഖകൾ സൂക്ഷിക്കാത്തതും ക്രമപ്രകാരമല്ല. ടി അപാകത ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഇ-പെയ്മെന്റ് അക്കൗണ്ടിൽ തനത് വരുമാനം നിലനിൽക്കുന്നു - കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടം

വിവിധ സേവനങ്ങൾക്ക് ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം പഞ്ചായത്തിന്റെ ഇ-പെയ്മെന്റ് അക്കൗണ്ടിൽ (എസ്.ബി.ഐ- കറുകച്ചാൽ) തന്നെ നിലനിൽക്കുന്നു. ടി അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. വിവിധ കാലയളവിൽ ടി അക്കൗണ്ടിൽ അവശേഷിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | നീക്കിയിരുപ്പ് |
|---|---|
| 01.04.2018 | 107483 |
| 01.04.2019 | 319286 |
| | |

| | |
|---|---|
| 31.03.2020 | 641072 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/25.3.2021) ഇ-പെയ്മെന്റ് അക്കൗണ്ടിൽ നിലനിൽക്കുന്ന തനത് വരുമാനം പ്രധാന അക്കൗണ്ടിലേക്ക് മാറ്റുമെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കാതെ ട്രാൻഫർ ക്രെഡിറ്റ് ചെയ്ത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കോ ഫിക്സഡ് ഡിപ്പോസിറ്റിലേക്കോ മാറ്റി പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-12 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല

ചെക്ക്, ഡ്രാഫ്റ്റ് പ്രകാരം ലഭിക്കുന്ന പല വരവുകളും രജിസ്റ്ററിലും സാംഖ്യയിലും വ്യത്യസ്ഥ തീയതികളിലാണ് വരവായി ചേർത്തിട്ടുള്ളത്. കൂടാതെ കളക്ഷന് നൽകുന്ന ചെക്കുകൾ പണമായി അക്കൗണ്ടിൽ വരവ് വന്ന തീയതി രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്ററിലും സാംഖ്യയിലും വ്യത്യസ്ഥ തീയതികളിൽ വരവ് വന്ന ചെക്ക്/ഡ്രാഫ്റ്റുകളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ചെക്ക് നം/ തീയതി | തുക | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ചേർത്ത തീയതി | സാംഖ്യയിൽ ചേർത്ത തീയതി |
|---|---|---|---|---|
| 1. | 171545/23.3.2020 | 5000 | 08.04.2020 | 03.04.2020 |
| 2. | 171546/23.3.2020 | 1250 | 08.04.2020 | 03.04.2020 |
| 3. | 478104/24.4.2020 | 28200 | 24.04.2020 | 07.05.2020 |
| 4. | 577762/8.09.2020 | 38500 | 17.09.2020 | 11.09.2020 |
| 5. | 45291/30.8.2020 | 10000 | 17.09.2020 | 11.09.2020 |
| 6. | 701061/28.8.2020 | 17620 | 25.09.2020 | 23.09.2020 |

ചെക്ക് / ഡ്രാഫ്റ്റായി വരുന്ന വരവുകൾ യഥാസമയം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിലും സാംഖ്യയിലും ചേർക്കാൻ ശ്രദ്ധിക്കേണ്ടതും കളക്ഷന് പോയി പണമാകുന്ന ചെക്കുകളുടെ തീയതി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്

1-13 തനത് ഫണ്ട് സൂക്ഷിപ്പിന് ഒന്നിലധികം അക്കൗണ്ടുകൾ

സർക്കുലർ നം.58725/എഫ്.എം.സി/2008/ത.സ്വ.ഭ.വ/26.05.2011 പ്രകാരം തനത് ഫണ്ട് പരിപാലനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ ഒരു അക്കൗണ്ട് മാത്രം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിലെ പ്രധാന അക്കൗണ്ട് കൂടാതെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക സ്വീകരിക്കുന്നതിനായി എസ്.ബി.ഐ യിൽ ഒരു അക്കൗണ്ട് കൂടി നിലനിർത്തിയിരിക്കുന്നു. ടി അക്കൗണ്ടിൽ തൻവർഷം ഇടപാടുകളൊന്നും നടന്നിട്ടില്ല. ഒന്നിലധികം അക്കൗണ്ടുകൾ നിലനിൽക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/25.3.2021) ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്ത ശേഷം ഒരു അക്കൗണ്ട് ക്യാൻസൽ ചെയ്യുമെന്ന് മറുപടി ലഭിച്ചു. തനത് ഫണ്ട് സൂക്ഷിപ്പിന് ഒരു അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതും ഇടപാടുകളില്ലാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് തുക പ്രധാന അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്.

1-14 വസ്തുനികുതി -കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 839253/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കിയതിന്റെ / ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ കുടിശ്ശിക നികുതി പിരിവ് 61% ആയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന 6 മൊബൈൽ ടവറുകളിൽ മൂന്ന് മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷത്തെ മുതൽ കുടിശ്ശികയാണ്. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14-1 വസ്തുനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് വസ്തുനികുതിയും (സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്ത് കൊടുക്കുന്ന തിന് അനുവദിക്കപ്പെടുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫാറം 11 (ചട്ടം 21(3)) ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൻവർഷം ഇപ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഫാറം 11 ലുള്ള രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.5.2017 ലെ സ.ഉ (കൈ )നം.106/17 പ്രകാരം കെട്ടിടനികുതിയിളവിന് അർഹരായ വിമുക്തഭടന്മാർക്ക് / വിമുക്തഭടന്മാരുടെ ഭാര്യമാർക്ക് / വിധവകൾക്ക് നികുതി സംബന്ധമായി പ്രത്യക രജിസ്റ്റർ സൂക്ഷിക്കണമെന്നും കെട്ടിടനികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിൽ സാക്ഷ്യപത്രം നൽകണമെന്നുമുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റ രേഖകൾ ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-14-2 വസ്തുനികുതി നിർണ്ണയം - തറവിസ്തീർണ്ണം വ്യക്തമല്ല.</u>

2019-20 വർഷം വസ്തുനികുതിനിർണ്ണയം നടത്തിയ വാണിജ്യാവശ്യത്തിനുള്ള 5/ 857 C, 5/ 857 D,5/ 857 E,5/ 857 F എന്നീ കെട്ടിടങ്ങൾക്ക് യഥാക്രമം 37.26 ച.മീ, 34.02ച.മീ, 58.76ച.മീ, 55.47 ച.മീ (ആകെ -187.51 ച.മീ )ന് 50/- രൂപ അടിസ്ഥാനനികുതിനിരക്ക് ചുമത്തി 2019-20 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. സ്ഥലപരിശോധനാറിപ്പോർട്ട് ,കംപ്ളീഷൻ പ്ളാൻ എന്നിവ പ്രകാരം ആകെ തറവിസ്തീർണ്ണം 210.89 മീറ്ററെന്നും പോർച്ച് 27 ച.മീറ്ററെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന കംപ്ളീഷൻ പ്ലാനിൽ (കംപ്ളീഷൻ പ്ലാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അംഗീകരിച്ചിട്ടില്ല) പോർച്ചായി രേഖപ്പെടുത്തിയ ഭാഗം കെട്ടിടത്തിന്റെ മധ്യഭാഗത്ത് ഷട്ടറോട് കൂടിയതാണ്. സ്ഥലപരിശോധന നടത്തി വസ്തുനികുതി നിർണ്ണയിക്കേണ്ട തറവിസ്തീർണ്ണത്തിന്റെ കാര്യത്തിൽ വ്യക്തതവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ- 19/ 26.03.2021 ) മറുപടിയിൽ സ്ഥലപരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

<u>1-14-3 വസ്തുനികുതി നിർണ്ണയം - അപാകത</u>

ഗ്രാമപഞ്ചായത്തിൽ സഞ്ചയയിൽ ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായതായി റിപ്പോർട്ട് നൽകിയതായി കാണുന്നു. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായതിന് ശേഷവും വസ്തുനികുതി നിർണ്ണയത്തിൽ അപാകത നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിനിർണ്ണയവുമായി ബന്ധപ്പെട്ട വിവരങ്ങൾ സഞ്ചയ മുഖേന പരിശോധിച്ചതിൽ ചങ്ങനാശ്ശേരി -വാഴൂർ റോഡിന് സമീപത്തുള്ള 5/ 249/ A എന്ന കെട്ടിടനമ്പരുള്ളതും 429 ച.മീറ്റർ തറവിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 40/- രൂപ അടിസ്ഥാനനികുതിനിരക്ക് ചുമത്തി മേഖല ,മേൽക്കൂര എന്നിവയ്ക്ക് ഇളവ് നൽകി 2013-14 വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് അടിസ്ഥാനനികുതിനിരക്ക് 70/- രൂപ അയതിനാൽ കെട്ടിടത്തിന് ഇപ്രകാരം നികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നം6/25.03,2021 ) യുടെ മറുപടിയിൽ കെട്ടിടം പരിശോധിച്ച് നികുതിനിർണ്ണയം പുനപരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കാത്തലിക് സിറിയൻ ബാങ്ക് | ഒന്ന് & രണ്ട് |
| 2 | വാണിയപ്പുരയ്ക്കൽ ഫിനാൻസിയേഴ്സ് | രണ്ട് |
| 3 | എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് സൊസൈറ്റി | രണ്ട് |
| 4 | ചങ്ങനാശ്ശേരി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | രണ്ട് |
| 5 | മുത്തൂറ്റ് മൈക്രോഫിൻ | രണ്ട് |
| 6 | മേരിറാണി പോപ്പുലർ ഫിനാൻസ് | രണ്ട് |
| 7 | മിൽക്ക് സൊസൈറ്റി കറുകച്ചാൽ | രണ്ട് |
| 8 | ക്ഷീരോത്പാദക സഹകരണസംഘം | രണ്ട് |
| 9 | ഭാരത് ഇലക്ട്രോപ്ലേറ്റിംഗ് | രണ്ട് |
| 10 | റോയൽ മെഡ്കെയർ സെന്റർ | രണ്ട് |

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ- 4/25.03.2021 ) മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.

1.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കൺസ്യൂമർഫെഡ് നീതി മെഡിക്കൽ സ്റ്റോർ | രണ്ട് |
| എൻ ഡി റബ്ബർ വർക്സ് ,ചമ്പക്കര | രണ്ട് |
| ,ക്ഷീരോത്പാദക സഹകരണസംഘം ,കുത്രപ്പള്ളി | രണ്ട് |

തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.പഞ്ചായത്ത് പരിധിയിലുള്ള മറ്റ് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, റേഷൻ കടകൾ മുതലായവയിലെ ജീവനക്കാർ ,കരാറുകാർ ,സാക്ഷരതാപ്രേരകുമാർ മുതലായവർ ഉൾപ്പെടെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്. കേരള പഞ്ചായത്ത് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ -4 /25.03.2021 ) മറുപടിയിൽ തൊഴിൽ നികുതി അടയ്ക്കാത്തവരെ കണ്ടെത്തി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതിക്ക് വിധേയമാകുന്നവരിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-2 തൊഴിൽ നികുതി ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ഫാറം നമ്പർ II ൽ ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതാണെന്ന് (ചട്ടം -17 ) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട ഏതാനും സ്ഥാപനങ്ങളുടെ പത്രികയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താത്തതിനാൽ ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത വ്യക്തമല്ല. ഉദാഹരണത്തിന് ഫെഡറൽ ബാങ്ക്,കറുകച്ചാൽ, കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ,തോട്ടയ്ക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പത്രികയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3 പ്രകാരം അർദ്ധവാർഷികവരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-16 ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല, ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്

ഓഡിറ്റ് വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ മാത്രം ഒരു ലിസ്റ്റാണ് ട്രേഡേഴ്സ് ലിസ്റ്റിനു പകരം സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയ വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് വർഷം തയ്യാറാക്കിയിട്ടില്ല. മുൻ വർഷം (2018-19) 452 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നുവെങ്കിലും ഓഡിറ്റ് വർഷം 428സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഡി.സി.ബി പ്രകാരവും മുൻ വർഷത്തെ അപേക്ഷിച്ച് ഡിമാന്റിൽ കുറവുണ്ടായിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡി.സി.ബി യും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി.സി.ബിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (രജിസ്റ്റർ പ്രകാരം ഡിമാന്റ് 363000/- , AFS പ്രകാരം 328500/-). അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.03.2021) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തുടർന്നുള്ള വർഷങ്ങളിൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുമെന്നും ഫ്രണ്ട് ഓഫീസിൽ പണം സ്വീകരിച്ചപ്പോൾ ഹെഡ് മാറിപ്പോയതിനാലാണ് കണക്കിൽ പൊരുത്തക്കേടുകൾ ഉണ്ടായതെന്നും ചൂണ്ടിക്കാട്ടിയ അപാകതകൾ ഭാവിയിൽ ആവർത്തിക്കില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിൽ കച്ചവടം ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി തുർ വർഷങ്ങളിൽ വരുമാന നഷ്ടം ഒഴിവാക്കേണ്ടതും ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 വാടക പിരിവ് കാര്യക്ഷമമല്ല, ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നു.

ഓഡിറ്റ് വർഷാന്ത്യം വാടകയിനത്തിൽ തൻ വർഷത്തെ 3.5 ലക്ഷവും അരിയറായി 3.6 ലക്ഷവുമുൾപ്പെടെ 7.1 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയതിൽ സ്വകാര്യ, സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. തൻവർഷം കുടിശ്ശിക വരുത്തിയ ഏതാനും സർക്കാർ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പ്രതിമാസ വാടക | ഓഡിറ്റ് വർഷത്തെ ആകെ കുടിശ്ശിക |
|---|---|---|
| എ.ഇ.ഒ | 2071 | 24852 |
| സബ് രജിസ്ട്രാർ ഓഫീസ് | 1387 | 16644 |
| സബ് ട്രഷറി | 2294 | 27528 |
| എക്സി.എഞ്ചിനീയർ(KSEB) | 6170 | 6170 |
| അസി.എഞ്ചിനീയർ(PWD) | 694 | 8328 |

ഇവ കൂടാതെ സ്വകാര്യ കടമുറികളും വാടക കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അരിയർ ഉൾപ്പെടെ വൻ തുക കുടിശ്ശിക പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.3.2021) മറുപടി ലഭിച്ചില്ല. കുടിശ്ശിക കാലഹരണപ്പെട്ടുപോകാതെ അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പാഴ് ചെലവ്

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 221 ടാപ്പുകൾക്കായി പ്രതിമാസം 96688 രൂപ ചെലവഴിക്കുന്നുണ്ട് . ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 7.2.19 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 221 ടാപ്പുകളിൽ 34 എണ്ണം ഒഴിവാക്കുന്നതിന് തീരുമാനമെടുത്തതായി മറുപടി നല്കി. സംയുക്ത

പരിശോധനയുടെ ഫയൽ പരിശോധിച്ചതിൽ പരിശോധനാ റിപ്പോർട്ടിന്റെ നിർദ്ദിഷ്ട ഫോമിൽ വാട്ടർ അതോറിറ്റിയിലെയും പഞ്ചായത്തിലെയും പരിശോധന നടത്തിയ ഉദ്യോഗസ്ഥർ വിവരങ്ങളും ഒപ്പം രേഖപ്പെടുത്തി ആയത് അധികൃതമാക്കിയിട്ടില്ല എന്നു കാണുന്നു. മറ്റൊരു പേപ്പറിൽ 34 ടാപ്പുകൾ പ്രയോജനപ്രദമല്ല എന്നും ഏകദേശം 81എണ്ണത്തിൽ വെള്ളം ലഭ്യമാകുന്നില്ല എന്നും രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടുണ്ട്. എന്നാൽ 3/19 മുതൽ വീണ്ടും 221 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി പ്രതിമാസം 96688 രൂപ ഡിമാന്റ് ചെയ്യുകയും പഞ്ചായത്ത് തുക അടവാക്കുകയും ചെയ്യുന്നുണ്ട്. തന്മൂലം 19-20 വർഷം 34 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് 5250 / വർഷം നിരക്കിൽ 178500 രൂപ അധികം അടവാക്കിയിട്ടുണ്ട്. നിലവിലും തൽ സ്ഥിതി തുടരുന്നു. പ്രവർത്തനക്ഷമമല്ലാത്ത 34 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻ വർഷം ചെലവഴിച്ച 178500 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അധികമായി അടവാക്കിയ തുക തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്ത 34 ടാപ്പുകളുടെ വെള്ളക്കരം ഡിമാൻറിൽ നിന്നും ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരമിനത്തിലെ പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 21901289/30.3.20 | 10572 | രാഹുൽ രമേഷ് , ടെക്നിക്കൽ അസിസ്റ്റന്റ് |
| 21901290/30.3.20 | 9897 | മഞ്ജുഷ.എം.നായർ,ഓവർസിയർ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |
| 21901291/30.3.20 | 9897 | രാജേശ്വരി.എം.ആർ ,ഡേറ്റ എൻട്രി ഓപ്പറേറ്റർ ,എം.ജി.എൻ.ആർ.ഇ.ജി.എസ് |

പ്രസ്തുത ജീവനക്കാർക്കുവേണ്ടി സേവനപുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17) ടെക്നിക്കൽ അസിസ്റ്റന്റിന് നിലവിൽ സേവന പുസ്തകം സൂക്ഷിക്കുന്നുണ്ടെങ്കിലും ആർജ്ജിതാവധി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ലെന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ , ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് സേവനപുസ്തകം സൂക്ഷിച്ചുപോരുന്നില്ലായെന്നും സേവനപുസ്തകം ആരംഭിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതാണെന്നും മറുപടി നല്കി. സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജിജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി ശരിയല്ല.

ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-20 ഇ- ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2019-20 വർഷം കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. മാത്രമല്ല ഓരോ വർഷവും ലഭിച്ച ഇ-ടെണ്ടർ ഫീസ് വിശദാംശങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. ഇ-ടെണ്ടർ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും

പഞ്ചായത്തിന്റെ തനത് വരുമാനമായ പ്രസ്തുത തുക തിരികെ ലഭ്യമാകാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 യാത്രപ്പടി ഇനത്തിൽ തുക അധികം നല്കി

വൗച്ചർ നം.21901044/25.2.20 പ്രകാരം 12450 രൂപ സെക്രട്ടറിയുടെ ടി.എ. ഇനത്തിൽ നല്കിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ 2 ദിവസങ്ങളിൽ തിരുവനന്തപുരത്ത് പോയതിന് ടി.എ. ബിൽ പ്രകാരം ട്രെയിനിൽ II Nd AC യിൽ യാത്ര ചെയ്തതായി കാണിച്ച് ടി.എ കൈപ്പറ്റിയതായും ലോഗ് ബുക്ക് പ്രകാരം ഓഫീസ് വാഹനത്തിൽ യാത്ര ചെയ്തതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വിഷയം | ലോഗ് ബുക്ക് പ്രകാരം യാത്ര ചെയ്ത സമയം | ടി.എ ബിൽ പ്രകാരം യാത്ര ചെയ്ത സമയം | ടി.എ. ബിൽ പ്രകാരം നല്കിയ തുക | നല്കാവുന്ന തുക (ഒരു ദിന ബത്ത) |
|---|---|---|---|---|---|
| 14.5.19 | തൊഴിലുറപ്പ് സെമിനാറിൽ പങ്കെടുക്കാൻ പോയി വന്ന യാത്ര | 6am-6pm | 6am-9pm | 1610 | 400 |
| 19.7.19 (ലോഗ് ബുക്ക് പ്രകാരം 18.7.19) | LSGD ഡയറക്ടറേറ്റിൽ കേസ് ഫയൽ സംബന്ധിച്ച കാര്യത്തിന് പോയി വന്ന യാത്ര | 8am-8pm | 8am-8pm | 1610 | 400 |

ഇപ്രകാരം ഓഫീസ് വാഹനത്തിൽ യാത്ര ചെയ്ത ദിവസം ട്രെയിനിൽ യാത്ര ചെയ്തതായി കാണിച്ച് ടി.എ കൈപ്പറ്റിയ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ നിയമാനുസൃതമല്ലാതെ കൈപ്പറ്റിയ 2420 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 നിക്ഷേപ പ്രവൃത്തികൾ - അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾക്ക് താഴെ പറയും പ്രകാരം1261488 രൂപ ഇലക്ട്രിസിറ്റിബോർഡ്,വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലായി നിക്ഷേപം നടത്തിയിട്ടുണ്ട്.

| ക്ര നം | പ്രോജക്ട്/പ്രോജക്ട് നമ്പർ | ഇലക്ട്രിസിറ്റിബോർഡിൽ നിക്ഷേപിച്ച തുക | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | കുറ്റിക്കൽ-തട്ടാരടി റോഡ് പൈപ്പ് ലൈൻ നീട്ടൽ, 125/2020 | | 75000/- |
| 2 | തൃക്കോയിക്കൽ-വെളിയം റോഡ് പൈപ്പ് ലൈൻ നീട്ടൽ,241/2020 | | 80000/- |
| 3 | ആനക്കല്ല് -തെക്കേക്കര റോഡ് പൈപ്പ് ലൈൻ നീട്ടൽ,217/2020 | | 95000/- |
| 4 | മറ്റത്തിൽപ്പടി-അഞ്ചാനി ലിങ്ക് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ132/20 | 94093/- | |
| 5 | മാക്കി-മറ്റത്തിങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ , 131/2020 | 148763/- | |
| 6 | മൂലംചിറ-മീനടം റോഡ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 209/20 | 146320/- | |
| 7 | ബുധനാംകുഴി-തടത്തിൽ റോഡ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 210/20 | 126260/- | |
| 8 | കൈതക്കാട്ട് പടി-തെക്കേ നടക്കാവ്സ്ട്രീറ്റ് ലൈൻ നീട്ടൽ 211/20 | 39318/- | |
| 9 | കൊട്ടാരത്തിൽപ്പടി-കാരക്കാട്ട്കുന്ന് സ്ട്രീറ്റ് ലൈൻ നീട്ടൽ 212/20 | 143960/- | |
| 10 | അഞ്ചാനി-അഞ്ചാനിക്കോളനി സ്ട്രീറ്റ് | 63921/- | |

| | | | |
|---|---|---|---|
| | ലൈൻ നീട്ടൽ, 213/20 | | |
| 11 | തൊമ്മഞ്ചേരി-തെക്കേമാക്കി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 214/20 | 72181/- | |
| 12 | ഒതനാംപറമ്പ്-കുറുപ്പം കവല റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 215/20 | 44132/- | |
| 13 | പൊരുപാറക്കൽ -തെക്കേ നടക്കാവ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ266/20 | 33770/- | |
| 14 | മാമ്പതി-അപായപ്പതി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 257/20 | 49980/- | |
| 15 | കല്ലൂർ-തകടിയേൽറോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 258/2020 | 48790/- | |
| | ആകെ | 1011488/- | 250000/- |

പ്രവൃത്തികൾക്കായി തുക നിക്ഷേപം നടത്തിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- സ ഉ (കൈ) നം 11/2018 ത സ്വ ഭ വ , തീ 29-1-2018 പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന വകുപ്പ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭിച്ച ശേഷം തദ്ദേശ സ്ഥാപനത്തിന് നല്കുകയും ആയതു പ്രകാരമുള്ള തുക സ്ഥാപനം വകുപ്പിന് നല്കുകയുമാണ് വേണ്ടത്. എന്നാൽ അബ്സ്ട്രാക്ട് എസ്റ്റിമേറ്റിന്റെ അടിസ്ഥനത്തിലാണ് തുക കൈമാറിയത്.
- നിക്ഷേപം സ്വീകരിക്കുന്ന വകുപ്പുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് തുക നിക്ഷേപിക്കേണ്ടത്. എന്നാൽ നിയമാനുസൃതമുള്ള കരാർ ചമച്ചതായി കാണുന്നില്ല.
- നിക്ഷേപിച്ച തുക പൂർണ്ണമായും ചെലവഴിച്ചു എന്ന സക്ഷ്യ പത്രം നല്കുന്നതൊഴികെ ചെലവ് വിശദാംശങ്ങൾ തദ്ദേശ സ്ഥാപനത്തിന് ലഭിക്കുന്നില്ല

അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുടർ വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.നിക്ഷേപ പ്രവൃത്തികൾ നിയമാനുസൃതം നിർവ്വഹിക്കേണ്ടതും ചെലവഴിക്കുന്ന തുക പൂർണ്ണമായും ഫലപ്രദമാകുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-23 തെരുവു വിളക്കുകളുടെ പരിപാലനം

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം താഴെ പറയും പ്രകാരം 784000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട്/പ്രോജക്ട് നമ്പർ | ചെലവ് |
|---|---|---|
| 1 | 6/20, തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി | 294000/-തനത് ഫണ്ട് |
| 2 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ | 490000/-തനത് ഫണ്ട് |
| | ആകെ | 784000/- |

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവുവിളക്ക് പരിപാലനത്തിന് വൻതുക പ്രതിവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും കൃത്യമായ മോണിറ്ററിംഗ് ഉള്ളതായി കാണുന്നില്ല.ശ്രദ്ധയിൽപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

- 4.5 ലക്ഷം അടങ്കൽ നിശ്ചയിച്ചിരുന്ന തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ നടപടികളിലൂടെ ഇലക്ട്രീഷ്യൻമാരെ കണ്ടെത്തുന്നതിന് പകരം വിശ്വസനീയമല്ലാത്ത ക്വട്ടേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.
- 4.9 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങിയത് ലഭിച്ചപ്പോൾ തന്നെ മേൽപറഞ്ഞ കരാറുകാരന് കൈമാറുകയാണ് ചെയ്തത്.തുടർന്ന് കരാറുകാരൻ ലഭ്യമാക്കുന്ന വിവരങ്ങൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്.
- കെ എസ് ഇ ബി ഉദ്യോഗസ്ഥരുടെ സൂപ്പർവിഷനിൽ മാത്രമേ പ്രവൃത്തി നടത്താവൂ എന്നിരിക്കെ ഇതു സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ഇല്ല.

വാർഷിക അറ്റകുറ്റപ്പണിക്കാവശ്യമായ സാധനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വേണം വാങ്ങൽ നടത്താൻ എന്നിരിക്കെ വകയിരുത്തിയ തുകക്കുള്ള വാങ്ങൽ നടത്തുന്ന രീതിയാണ് തുടർന്നു വരുന്നത് അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുന്നില്ല എന്നുള്ള മറുപടിയാണ് നല്കിയത്.പദ്ധതി നിർവ്വഹണം കാര്യക്ഷമവും

പഞ്ചായത്തിന്റെയും സർക്കാരിന്റെയും സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതുമായിരിക്കേണ്ടതാണ്.

1-24 ലാപ് ടോപ് വാങ്ങൽ -വിലയിനത്തിൽ തുക അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം | 108 /20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ (വികസന ഫണ്ട്-എസ്.സി.പി) | 440000 |
| ചെലവ് | 439824 |
| ബിൽ നം | 14/1.1.20 |

എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 16 ലാപ് ടോപുകൾ കെൽട്രോണിൽ നിന്നും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ 5.6.20 ലെ ടാക്സ് ഇൻവോയ്സ് നം.RV 200105001505/5.6.20 പ്രകാരം 16 ലാപ്ടോപ്പുകളുടെ വില 422912 രൂപയാണ്.എന്നാൽ 439824 രൂപ 16 ലാപ്ടോപ്പിന്റെ വിലയിനത്തിൽ നല്കിയിട്ടുണ്ട്. ഇപ്രകാരം 16912 രൂപ വിലയിനത്തിൽ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കി (നം.14 ). ആയതിന് കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് തുക നല്കിയതെന്നും അതിനു ശേഷം മേയ് മാസത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥലം മാറിപ്പോയതിനു ശേഷമാണ് ലാപ്ടോപ്പ് ലഭിച്ചതെന്നും ടാക്സ് ഇൻവോയ്സ് ബിൽ പിന്നീടാണ് ലഭിച്ചതെന്നും മറുപടി നല്കി. വിലയിനത്തിൽ അധികം നല്കിയ 16912 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കെൽട്രോണുമായി ബന്ധപ്പെട്ട് അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-25 ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം | 110 /20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ (വികസന ഫണ്ട്-ജനറൽ) | 50000 |
| ചെലവ് | 50000 |
| ബിൽ നം | 13/30.12.19 |

ബാലസഭ പ്രവർത്തനങ്ങൾക്കായി 50000 രൂപ വികസന ഫണ്ടിൽ നിന്നും പിൻ വലിച്ച് 30.12.19 ൽ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ടി തുകയിൽ 40835 രൂപ വിവിധ ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ് ) 22/18 ത.സ്വ.ഭ.വ 14.2.18 പ്രകാരം ബാലസഭ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 40000 രൂപ മാത്രമാണ്. 50000 രൂപ മുൻകൂറായി പിൻവലിച്ച് സി.ഡി.എസി ന്റെ അക്കൗണ്ടിലേക്ക് നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കി(നം.13).ആയതിന് 2020 മാർച്ച് മാസത്തിൽ ബാലസഭ കുട്ടികൾക്ക് പേഴ്സണാലിറ്റി ഡെവലപ്മെന്റ് ,ബോധവല്ക്കരണ പരിപാടി എന്നിവ നടത്താമെന്ന് ഉദ്ദേശിച്ചിരുന്നെങ്കിലും കോവിഡ് 19 സമൂഹ വ്യാപനം മൂലം കുട്ടികളെ പങ്കെടുപ്പിച്ച് പരിപാടി നടത്താൻ സാധിക്കാതെ വന്നു എന്നും സിഡിഎസിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന ബാക്കി തുക തിരിച്ചടയ്ക്കുന്നതാണെന്നും മറുപടി നല്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 40000 രൂപ മാത്രമാണ് പരമാവധി ചെലവഴിക്കാമെന്നിരിക്കെ അധികമായി പിൻവലിച്ച 10000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-26 ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവനപദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് 2019-20 വർഷം പ്രോജക്ട് നമ്പർ 129/20 പ്രകാരം 7 ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 112/20 പ്രകാരം 4 ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 220/20 പ്രകാരം 43 ഗുണഭോക്താക്കൾക്കും വിവിധ ഗഡുക്കളായി തുക നൽകിയതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 129/20 | വിനീഷ് കുമാർ പി ഡി, പടിഞ്ഞാറേക്കര | 300000/- |
| 2 | 129/20 | രതി രാജു ,കാരങ്ങോട്ടിൽ | 200000/- |
| 3 | 112/20 | ഗീത രവികുമാർ ,തെക്കേമാക്കിയിൽ | 360000/- |
| 4 | 220/20 | ശാന്തമ്മ കാഞ്ഞിരത്തുങ്കൽ | 360000/- |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ / സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ .9/ 25.03.2021 )യുടെ മറുപടിയിൽ നാല് ഗുണഭോക്താക്കളും ഭവനനിർമ്മാണപ്രവൃത്തികൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വാഴക്കൃഷി വികസനം എന്ന 011/2020 നമ്പർ പ്രോജക്ട് പ്രകാരം 8000 വാഴവിത്ത്, 10000 കി ഗ്രാം ജൈവവളം, 7500 കി ഗ്രാം രാസവളം എന്നിവ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിനായി വികസനഫണ്ട് 250000/- രൂപയും ഗുണഭോക്തൃവിഹിതം 50000/- രൂപയും (നേരിട്ട് ചെലവഴിക്കുന്നത്) ഉൾപ്പെടെ 3ലക്ഷം വകയിരുത്തിയിരുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

- 203 ഗുണഭോക്താക്കളെ വാഴക്കൃഷി വികസനത്തിനും 67 ഗുണഭോക്താക്കളെ വാഴവിത്ത് വിതരണത്തിനും മാത്രമായി ഉൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റും തയ്യാറാക്കിയിരുന്നെങ്കിലും നിർവ്വഹണ സമയത്ത് 228 ഗുണഭോക്താക്കൾക്കായി 10000/- വാഴവിത്ത് വിതരണം ചെയ്യുകയും 58 ഗുണഭോക്താക്കൾക്ക് വളം വിതരണം മാത്രമായി ചെയ്യുകയുമാണ് ചെയ്തത് .ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കിയ പ്രോജക്ടിൽ നിന്നും വ്യത്യസ്തമായാണ് നിർവ്വഹണം നടത്തിയത്.
- വാഴവിത്ത് വിതരണത്തിനായി മാത്രം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിരുന്നെങ്കിലും പ്രോജക്ട് ആസൂത്രണം ചെയ്തിരുന്നില്ല.
- വാഴവിത്തും വളവും ഉൾപ്പെടെ സംയോജിത പദ്ധതിയായാണ് പ്രോജക്ട് ആസൂത്രണം ചെയ്തിരുന്നതെങ്കിലും, വിത്ത് നല്കാത്ത ഗുണഭോക്താക്കൾക്കാണ് വളം വിതരണം ചെയ്തത് .

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി അപാകത തുടർ വർഷങ്ങളിൽ ഉണ്ടാകാതെ നോക്കുന്നതാണെന്ന് മറുപടി നല്കി. പദ്ധതി ആവിഷ്കരിക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-28 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല – റോഡ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

എഞ്ചിനിയറിംഗ് വിഭാഗം ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ റോഡുകൾ , ലെയിനുകൾ എന്നിവയുടെ വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആസ്തി രജിസ്റ്റർ പരിശോധനയിൽ കാണപ്പെട്ട ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | ചെലവ് (രൂപ) | അപാകത |
|---|---|---|
| 202/20 തട്ടാരടി കുറ്റിക്കൽ റോഡ് റീടാറിംഗ് (വാർഡ് 06) | 2,14,473 (മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ആസ്തി രജിസ്റ്ററിൽ 790 മീ നീളമുള്ള റോഡിന്റെ 408മീറ്റർ കോൺക്രീറ്റും ബാക്കി ഭാഗം 'Kacha Road |

| | | |
|---|---|---|
| | | ' എന്നാമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 175 മീറ്റർ ഈ പ്രോജക്ടിന്റെ ഭാഗമായി റീടാർ ചെയ്തിരിക്കുന്നു. |
| 35/20 തുക്കോയിക്കൽ-കുട്ടൻചിറ റോഡ് റീടാറിംഗ് (വാർഡ് 10) | 2,99,735 (എസ് സിപി) | ആസ്തി രജിസ്റ്ററിൽ 1100 മീ നീളമുള്ള റോഡിന്റെ 700മീറ്റർ കോൺക്രീറ്റും ബാക്കി ഭാഗം 'Kacha Road ' എന്നാമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 320 മീറ്റർ ഈ പ്രോജക്ടിന്റെ ഭാഗമായി റീടാർ ചെയ്തിരിക്കുന്നു. |
| 154/20 , പൊരുപാറയ്ക്കൽ തെക്കേനടക്കാവ് റോഡ് റീടാറിംഗ് | 1,99,629 (ധനകാര്യ കമ്മീഷൻ അവാർഡ്) | റോഡ് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 230/20 ഊത്തപ്പാറ – തൊമ്മച്ചേരി റോഡ് റീടാറിംഗ് | 1,99,569 (മെയിന്റനൻസ് ഗ്രാന്റ് (റോഡ്)) | ആസ്തി രജിസ്റ്റർ പ്രകാരം 164 മീ നീളം. പ്രോജക്ട് പ്രകാരം 220 മീ റീടാറിംഗ് നടത്തിയിരിക്കുന്നു. |

വിശദീകരമം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/26-03-21) മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സംബന്ധിച്ച സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പാലിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം വീഴ്ച വരുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ബാരൽ വില തിരികെ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (236+18% GST) ബില്ലിൽ കുറച്ച ശേഷമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/26-03-21) മറുപടി ലഭ്യമാക്കിയില്ല. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമായില്ല

2019-20 വർഷം തുക ചെലവഴിച്ച ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ / ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയ വിവരങ്ങൾ ലഭ്യമാക്കിയില്ല . (ഓഡിറ്റ് എൻക്വയറി നം. 22/26.03.21)

| പ്രോജക്ട് നം , പ്രോജക്ട് | 2019-20 ൽ ചെയ്ത പ്രവൃത്തികൾ |
|---|---|
| 184/20 , റൈട്ടംപറമ്പ് എസ് സി കോളനി കുടിവെള്ള പദ്ധതി | വാട്ടർ ടാങ്ക് , പമ്പ് ഹൗസ് പൂർത്തീകരണം |
| 172/20, പ്ലാച്ചിക്കൽ ആലപ്പള്ളി | വിതരണ പൈപ്പ് |

| | |
|---|---|
| കുടിവെള്ള പദ്ധതി പൂർത്തീകരണം | ലൈൻ സ്ഥാപനം |
| | |

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 പാർട്ട് ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്ന തനത് ഫണ്ടിതര റിട്ടെൻഷൻ തുകകൾ ക്രമീകരിക്കുന്നതിലെ അപാകത സംബന്ധിച്ച്

വികസനഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ നേരിട്ട് കുറവ് ചെയ്യുന്ന രീതി കാണുന്നു. അടുത്തവർഷം ഫൈനൽ ബില്ലിൽ ആ വർഷത്തെ വികസനഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് റിട്ടെൻഷൻ ക്രമീകരിക്കുകയും ചെയ്തു വരുന്നു. ഉദാഹരണം (182/20 , പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം). റിട്ടെൻഷൻ തുക പിൻവലിച്ച് തനത്ഫണ്ടിൽ നിക്ഷേപിക്കുകയും ഫൈനൽ ബില്ലിൽ ആയത് തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. അല്ലാത്തപക്ഷം തൻവർഷത്തെ വികസനഫണ്ട് / മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ക്രമീകരിക്കേണ്ടിവരുന്നു. ഇപ്രകാരം ഫണ്ടിൽ നിന്നും തുക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ റിട്ടെൻഷൻ തനത്ഫണ്ടിൽ നിക്ഷേപിക്കുന്നതിനും ഫൈനൽ ബില്ലിൽ തിരികെ ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഐ എസ് ഒ സർട്ടിഫിക്കേഷൻ-മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ISOസർട്ടിഫിക്കേഷൻ, ഫ്രണ്ട് ഓഫീസ് നിർമ്മാണം, 226/2018, |
| കരാറുകാരൻ | ഷാജൻ ജേക്കബ് |
| എഗ്രിമെന്റ് നമ്പർ | 111/AE/LSGD/KCL/17-18 Dt.25-3-2018 |
| അടങ്കൽ | തനത് ഫണ്ട് 100000/-,വികസനഫണ്ട് 500000/- |
| ചെലവ് | 159425/- രൂപ വി ഫ |

- ഇ-ടെണ്ടർ പ്രകാരം പ്രവൃത്തി ലഭിച്ച കരാറുകാരൻ 25-3-2018 ൽ കരാർവെച്ചിരുന്നു. ഈ തീയതിയിൽ തന്നെ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. സാങ്കേതിക അനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 2 മാസമായിരുന്നു. ആയതു പ്രകാരം 24-5-2018 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരൻ ആരംഭിച്ചതു തന്നെ 07/2018 ലാണ്.(ആദ്യ അളവ് രേഖപ്പെടുത്തിയത്). 16/7/2018ൽ അവസാന അളവ് രേഖപ്പെടുത്തി20/7/2018 ൽ ചെക്ക്മെഷർ ചെയ്ത പ്രവൃത്തി പിന്നീട് നടന്നിട്ടില്ല.നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചില്ല.
- പഞ്ചായത്ത് കമ്മറ്റിയുടെ 31/5/2019 ലെ 2(5) നമ്പർ തീരുമാന പ്രകാരം പ്രവൃത്തിയുടെ ഘടനയിൽ മാറ്റം വരുത്തി നിർമ്മിതികേന്ദ്രത്തിന് നല്കുന്നതിനും ചെയ്ത പ്രവൃത്തി അളവെടുത്ത് കരാറുകാരന് തുക നല്കുന്നതിനും തീരുമാനിച്ചു. ചെയ്ത പ്രവൃത്തിയുടെ മൂല്യം 159425/-രൂപ കണക്കാക്കി കരാറുകാരന് തുക നല്കുകയും ചെയ്തു.
- വിശദമായ നടപടിക്രമങ്ങളിലൂടെ രൂപംകൊള്ളുന്ന പ്രോജക്ട് നിയമാനുസൃതം കരാർ വച്ച് ചെയ്യുന്നതിനിടെ മാറ്റങ്ങൾ ആവശ്യമായി വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നല്കുന്നതിന് പകരം കരാറുകാരനെ ഒഴിവാക്കുന്നത് നിയമാനുസൃതമല്ല.കരാറുകാരന്റെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ച മൂലം കരാർ റദ്ദു ചെയ്താൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കുകയും വേണം. റദ്ദുചെയ്ത പ്രവൃത്തികൾ വീണ്ടും ചെയ്യുമ്പോൾ നിലവിലെ വർദ്ധിത നിരക്ക് നല്കേണ്ടി വരുമെന്നതിനാൽ കരാർ റദ്ദുചെയ്ത നടപടി പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതുമല്ല.

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് പൂർത്തീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 188/20 |
| നിർവ്വഹണോദ്യോഗസ്ഥ | അസി.എഞ്ചിനീയർ |
| ചെലവ് | 4,24,948 ( തനത് ഫണ്ട്) |
| | |

| | |
|---|---|
| ബിൽ നം | 51900301/24.07.2019 |

കറുകച്ചാൽ ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് പൂർത്തീകരണത്തിനായി2018-19 ൽ തുടങ്ങിയ പ്രസ്തുത പ്രോജക്റ്റിൽ ഡ്രെയിനേജ് , കോമ്പൗണ്ട് വാൾ , വെയിറ്റിംഗ് ഷെഡ് പൂർത്തീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കുകയും 06/12/18 ൽ എ.ജെ എന്റർപ്രൈസസ് മാമ്മൂട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 24/01/2019 ലെ 2(4) -ാംനമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അപേക്ഷ പ്രകാരം എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ മാറ്റമില്ലാതെ റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയർക്ക് അനുവാദം നൽകി. എന്നാൽ Appendix – A പ്രകാരം വിഭാവനം ചെയ്തിരുന്ന ഡ്രെയിനേജ് , കോമ്പൗണ്ട് വാൾ പ്രവൃത്തികൾ പൂർണ്ണമായി ഒഴിവാക്കി Appendix 2 ൽ അലുമിനീയം കോമ്പോസിറ്റ് പാനൽ സ്ഥാപനത്തിനായി പ്രോജക്റ്റിന്റെ വലിയഭാഗവും ചെലവഴിക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് മാറ്റുകയും ചെയ്തു. അടിസ്ഥാനപരമായ പ്രവൃത്തികൾ നിർവ്വഹിക്കാതെ അലങ്കാര പ്രവർത്തനത്തിനു മാത്രം പ്രാമുഖ്യം നൽകി കൊണ്ട് പ്രോജക്ട് നിർവ്വഹിച്ചത് ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കാതെ ഫണ്ട് ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. അലുമിനീയം കോമ്പോസിറ്റ് പാനൽ സ്ഥാപനം കൂടാതെ റിവൈസ്ഡ് പ്രോജക്റ്റിൽ നെയിംബോർഡ് സ്ഥാപിക്കുന്നതിനായി 50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ 194/20 എന്ന പ്രോജക്ട് പ്രകാരം ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് നെയിംബോർഡ് സ്ഥാപനത്തിനായി 27,458 രൂപയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി( നം . 24/ 26.03.21) ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 4,24,948 ( തനത് ഫണ്ട്) രൂപയും 194/20 എന്ന പ്രോജക്ട് പ്രകാരം ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് നെയിംബോർഡ് സ്ഥാപനത്തിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച27,458 രൂപയും ഉൾപ്പെടെ 452406 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ പരാമർശങ്ങളിലേയ്ക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ലാപ് ടോപ് വാങ്ങൽ -വിലയിനത്തിൽ തുക അധികം നല്കി

| | |
|---|---|
| പ്രോജക്റ്റ് നം | 108 /20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ (വികസന ഫണ്ട്-എസ്.സി.പി) | 440000 |
| ചെലവ് | 439824 |
| ബിൽ നം | 14/1.1.20 |

എസ്സ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 16 ലാപ് ടോപുകൾ കെൽട്രോണിൽ നിന്നും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ 5.6.20 ലെ ടാക്സ് ഇൻവോയ്സ് നം.RV 200105001505/5.6.20 പ്രകാരം 16 ലാപ്ടോപ്പുകളുടെ വില 4,22,912 രൂപയാണ്.എന്നാൽ 27.12.2019 ലെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 16 ലാപ്ടോപ്പിന്റെ വിലയിനത്തിൽ 4,39,824 രൂപയാണ് നല്കിയത്. ഇപ്രകാരം 16,912 രൂപ വിലയിനത്തിൽ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കി (നം.14 ). ആയതിന് കെൽട്രോണിൽ നിന്നും ലഭിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് തുക നല്കിയതെന്നും അതിനു ശേഷം മേയ് മാസത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥലം മാറിപ്പോയതിനു ശേഷമാണ് ലാപ്ടോപ്പ് ലഭിച്ചതെന്നും ടാക്സ് ഇൻവോയ്സ് ബിൽ പിന്നീടാണ് ലഭിച്ചതെന്നും മറുപടി നല്കി. വിലയിനത്തിൽ അധികം നല്കിയ 16,912 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കെൽട്രോണുമായി ബന്ധപ്പെട്ട് അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-2 ബാലസഭ പ്രവർത്തനങ്ങൾക്കായി അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം | 110 /20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ (വികസന ഫണ്ട്-ജനറൽ) | 50000 |
| ചെലവ് | 50000 |
| ബിൽ നം | 13/30.12.19 |

ബാലസഭ പ്രവർത്തനങ്ങൾക്കായി 50000 രൂപ വികസന ഫണ്ടിൽ നിന്നും പിൻ വലിച്ച് 30.12.19 ൽ സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ടി തുകയിൽ 40835 രൂപ വിവിധ ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതായി കാണുന്നു. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/18 ത.സ്വ.ഭ.വ 14.2.18 പ്രകാരം ബാലസഭ പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 40000 രൂപ മാത്രമാണ്. 50000 രൂപ മുൻകൂറായി പിൻവലിച്ച് സി.ഡി.എസി ന്റെ അക്കൗണ്ടിലേക്ക് നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നല്കി(നം.13).ആയതിന് 2020 മാർച്ച് മാസത്തിൽ ബാലസഭ കുട്ടികൾക്ക് പേഴ്സണാലിറ്റി ഡെവലപ്മെന്റ് ,ബോധവല്ക്കരണ പരിപാടി എന്നിവ നടത്താമെന്ന് ഉദ്ദേശിച്ചിരുന്നെങ്കിലും കോവിഡ് 19 സമൂഹ വ്യാപനം മൂലം കുട്ടികളെ പങ്കെടുപ്പിച്ച് പരിപാടി നടത്താൻ സാധിക്കാതെ വന്നു എന്നും സിഡിഎസിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന ബാക്കി തുക തിരിച്ചടയ്ക്കുന്നതാണെന്നും മറുപടി നല്കി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 40000 രൂപ മാത്രമാണ് പരമാവധി ചെലവഴിക്കാമെന്നിരിക്കെ അധികമായി പിൻവലിച്ച 10000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2600000 | ലൈഫ് ഭവനപദ്ധതി | 488101 | 2111899 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അപായപ്പടി-മാമ്പതി റോഡ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | തൃക്കോയിക്കൽ -കുട്ടൻചിറ റോഡ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അഞ്ചാനി-അഞ്ചാനികോളനി റോഡ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പടനിലം - മാർത്തോമ്മാപ്പള്ളി റോഡ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പഞ്ചായത്ത്പടി -പ്ലാച്ചിക്കൽ റോഡ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | തൻ വർഷം ചെലവില്ല | - | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 83330 | അങ്കണവാടി പോഷകാഹാരം | 83330 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 83330 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 83330 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | കുറ്റിക്കൽ-തട്ടാരടി റോഡ് പൈപ്പ് ലൈൻ നീട്ടൽ, 125/2020 | കേരള വാട്ടർ അതോറിറ്റി | 75000 |
| 2 | തൃക്കോയിക്കൽ-വെളിയം റോഡ് പൈപ്പ് ലൈൻ നീട്ടൽ,241/2020 | കേരള വാട്ടർ അതോറിറ്റി | 80000 |
| 3 | ആനക്കല്ല് -തെക്കേക്കര റോഡ് പൈപ്പ് ലൈൻ നീട്ടൽ,217/2020 | കേരള വാട്ടർ അതോറിറ്റി | 95000 |
| 4 | മറ്റത്തിൽപ്പടി-അഞ്ചാനി ലിങ്ക് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ132/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 94093/- |
| 5 | മാക്കി-മറ്റത്തിങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ , 131/2020 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 148763/- |
| 6 | മൂലംചിറ-മീനടം റോഡ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 209/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 146320/- |
| 7 | ബുധനാംകുഴി-തടത്തിൽ റോഡ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 210/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 126260/- |
| 8 | കൈതക്കാട്ട് പടി-തെക്കേ നടക്കാവ്സ്ട്രീറ്റ് ലൈൻ നീട്ടൽ 211/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 39318/- |
| 9 | കൊട്ടാരത്തിൽപ്പടി-കാരക്കാട്ട്കുന്ന് സ്ട്രീറ്റ് ലൈൻ നീട്ടൽ 212/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 143960/- |
| 10 | അഞ്ചാനി-അഞ്ചാനിക്കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ, 213/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 63921/- |
| 11 | തൊമ്മഞ്ചേരി-തെക്കേമാക്കി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 214/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 72181/- |
| 12 | ഒതനാംപറമ്പ്-കുറുപ്പം കവല റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ 215/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 44132/- |
| 13 | പൊരുപാറക്കൽ -തെക്കേ നടക്കാവ് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ266/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 33770/- |
| 14 | മാമ്പതി അപായപ്പടി റോഡ്സ്ട്രീറ്റ് ലൈൻ | കേരള സ്റ്റേറ്റ് | 49980 |

| | | | |
|---|---|---|---|
| | നീട്ടൽ257/20 | ഇലക്ട്രിസിറ്റി ബോർഡ് | |
| 15 | കൊല്ലൂർ-തകടിയേൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ258/20 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 48790 |
| | | | |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻ വർഷം മൊബിലൈസേഷൻ ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC LOAN) | ജി.ഒ(എം.എസ്) നം.68/18/ തസ്വഭവ 18.05.2018 ജി.ഒ (എം.എസ്) നം.100/18/ തസ്വഭവ 30.07.2018 | എസ്.ബി.ഐ, കറുകച്ചാൽ അക്കൗണ്ട് നം.67392329304 | 86,60,000/- +320000/- 8980000/- | 89,80,000/- | 661765/- | 8318235/- |

4-5 സ്ഥിര നിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം | അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 55-ാ മത് റിപ്പോർട്ട് ഖ.77 പ്രകാരം ഒഴിവാക്കി |
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 83822045.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60044660.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29332 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 630906 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16912 | ഷീബാമോൾ കെ.എം. അസി. സെക്രട്ടറി |
| 3-2 | | 10000 | ഷീബാമോൾ കെ.എം. അസി. സെക്രട്ടറി |
| 1-21 | | 2420 | അനിത എം. തോമസ്, സെക്രട്ടറി |
| ആകെ | | 29332 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 178500 | അനിത എം. തോമസ്, സെക്രട്ടറി |
| 1-33 | 452406 | രശ്മി എസ്, അസി. എഞ്ചിനീയർ |
| ആകെ | 630906 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –
1-14-2, 1-14-3, 1-15, 1-15-1, 1-15-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഷീബാമോൾ കെ.എം, അസി. സെക്രട്ടറി | സെക്രട്ടറി കരിമ്പുഴ ഗ്രാമ പഞ്ചായത്ത | തകടിയേൽ ഇടിയിരിക്കപ്പുഴ പി.ഒ കങ്ങഴ പിൻ 686541 |
| അനിത എം. തോമസ്, സെക്രട്ടറി | സസ്പെൻഷനിലാണ് | കാര്യാക്കുളത്ത്, പാത്താമുട്ടം പി.ഒ കോട്ടയം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(1)/18/ 20.02.18 | 1 |
| 1999-2000 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(2)/18/ 20.02.18 | 4 |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 | |
| 2000-01 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(3)/18/ 20.02.18 | 1 |
| 2001-02 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(4)/18/ 20.02.18 | 2 |
| 2003-04 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(6)/18/ 20.02.18 | 1 |
| 2004-05 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(7)/18/ 20.02.18 | 1 |
| 2005-06 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(8)/18/ 20.02.18 | 4 |
| 2007-08 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(10)/18/ 20.02.18 | 2 |
| 2008-09 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(11)/18/ 20.02.18 | 3 |
| 2009-10 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(12)/18/ 20.02.18 | 16 |
| 2010-11 | എൽ.എഫ്.കെ.പി.5/1078/13/4.9.13 | |
| 2011-12 | എൽ.എഫ്.കെ.പി.5/158/13/2.7.13 | |
| 2012-13 | എൽ.എഫ്.കെ.പി.5/1580/14/4.5.15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1558/15/20.3.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/600/18/04.04.18 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/117/17/15.05.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/429/18/27.03.18 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/119/19/18-05-19 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/934/19/11-07-19 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കറുകച്ചല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്